## സബ്മിഷൻ

### എം.പി-യുടെ വീടിനുനേരെയുണ്ടായ ആക്രമണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ജൂൺ 7-ാം തീയതി ശ്രീ. എൻ. കെ പ്രേമചന്ദ്രൻ എം.പി യുടെ വസതിക്കുനേരെ ആക്രമണം നടന്നതായി വാർത്ത വന്നിരുന്നു. ഈ സംഭവത്തെ സി.പി.ഐ.(എം) ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയപ്പാർട്ടികളും അപലപിച്ചിരുന്നു. സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നും അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പ്രതിപക്ഷ നേതാവെന്ന നിലയിൽ ഞാനും ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി പറഞ്ഞത് സി.പി.ഐ.(എം) നിലപാട് വ്യക്തമാക്കണമെന്നാണ്. ഇത് ദുഷ്ടലാക്കോടുകൂടിയ ഒരു പ്രസ്താവനയായിരുന്നു. ഈ പ്രസ്താവന സി.പി.ഐ.(എം)-നെ ഒറ്റതിരിച്ച് ആക്രമിക്കുന്നതിനും പൊതു സമൂഹത്തിനുമുന്നിൽ ഇകഴ്ത്തി കാണിക്കുന്നതിനുമുള്ള ശ്രമമായിട്ടേ കാണാൻ കഴിയൂ. ആക്രമണം നടന്ന് രണ്ടാഴ്ച കഴിഞ്ഞിട്ടും പ്രതിയെ കണ്ടുപിടിക്കുന്നതിനോ അന്വേഷണം പൂർത്തിയാക്കുന്നതിനോ പോലീസിന് കഴിഞ്ഞിട്ടില്ല. പോലീസ് അന്വേഷണം അവസാനിപ്പിച്ചതായാണ് അറിയാൻ കഴിഞ്ഞത്. സി.പി.ഐ.(എം)-ന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ലെന്ന് അന്നുതന്നെ വ്യക്തമാക്കിയിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ പോലീസെടുത്ത നടപടിയെ സംബന്ധിച്ചുള്ള നിജസ്ഥിതി വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരുന്നതിനും ഈ

കൃത്യം ആരാണ് ചെയ്തത് എന്ന് കണ്ടുപടിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം റെയിൽവേ സ്റ്റേഷനുസമീപം താമസിക്കുന്ന കൊല്ലം പാർലമെന്റ് അംഗം ശ്രീ. എൻ.കെ. പ്രേമചന്ദ്രന്റെ വീടിന്റെ കോമ്പൗണ്ടിൽ 06–06–2014-ന് വൈകുന്നേരം 6 മണിക്കും 07–06–2014-ന് രാവിലെ 7 മണിക്കുമിടയിലുള്ള സമയം ആരോ അതിക്രമിച്ചുകയറി വീടിന്റെ മുൻഭാഗത്തെ ജനൽ ഗ്ലാസ് കല്ലെറിഞ്ഞ് തകർക്കുകയും ഗേറ്റിന് ഇടതുവശം മതിലിൽ എം.പി ക്ക് മാനഹാനി വരത്തക്കവിധവും ഭീഷണിപ്പെടുത്തുന്ന തരത്തിലുമുള്ള പോസ്റ്ററുകൾ എഴുതി ഒട്ടിക്കുകയും ചെയ്തു. സംഭവസമയത്ത് എം.പി യും കുടുംബവും ഡൽഹിയിലായിരുന്നു. വീടിന്റെ താക്കോൽ എം.പി യുടെ ഓഫീസ് കൈകാര്യം ചെയ്യുന്ന ആർ.എസ്.പി- യുടെ വിദ്യാർത്ഥി വിഭാഗമായ പി.എസ്.യു സംസ്ഥാന ജനറൽ സെക്രട്ടറി വിഷ്ണു മോഹന്റെ കൈവശമായിരുന്നു. വീടിനുചേർന്നുള്ള എം.പി യുടെ ഓഫീസ് 06–06–2014–ന് വൈകിട്ട് 6 മണിക്ക് പൂട്ടി പോയതിനുശേഷമാണ് ഈ സംഭവം നടക്കുന്നത്. പ്രസ്തുത വിവരമറിഞ്ഞ് വിഷ്ണുമോഹൻ രാവിലെ എം.പി-യുടെ വീട്ടിൽ എത്തുകയും ഇയാൾ നൽകിയ പരാതി പ്രകാരം ഐ. പി.സി 447, 427 കെ.പി ആക്ട് 120 ക്യൂ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1114/14 ആയി കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ

ചെയ്തു. ജനൽ ഗ്ലാസ് പൊട്ടിയതിൽ 5,000 രൂപയുടെ നഷ്ടമുണ്ടായതായി പരാതിപ്പെട്ടിട്ടുണ്ട്. അന്വേഷണവുമായി ബന്ധപ്പെട്ട് നിരവധി ആളുകളെ കണ്ട് ചോദിച്ചിട്ടുള്ളതും സയന്റിഫിക് അസിസ്റ്റന്റ്, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ്, സൈബർ സെൽ എന്നീ വിഭാഗങ്ങളുടെ സേവനം ഉപയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. സംഭവ സ്ഥലത്ത് കാണപ്പെട്ട ചുടുകട്ട കഷണം, മതിലിൽ പതിച്ച പോസ്റ്ററുകൾ, ഉടഞ്ഞ ഗ്ലാസ് കഷണങ്ങൾ എന്നിവ ഫോറൻസിക് ലാബിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. സമീപത്തെ മൊബൈൽ ഫോൺ ടവറുകൾ കേന്ദ്രീകരിച്ച് വന്നിട്ടുള്ള ഫോൺ കോളുകളുടെ വിവരങ്ങൾ ശേഖരിച്ചും ഈ കേസിലെ സംശയിക്കുന്ന ആളുകളുടെ മൊഴികൾ രേഖപ്പെടുത്തിയും അവരുടെ ഫോൺ കോൾ ഡീറ്റെയിൽസ് ശേഖരിച്ചും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. സംഭവസ്ഥലത്ത് പോസ്റ്ററിൽ കണ്ട കയ്യെഴുത്ത് ഇതുപോലുള്ള മറ്റ് പോസ്റ്ററുകളിലെ കയ്യെഴുത്തുകളുമായി താരതമ്യം നടത്തി അന്വേഷിച്ചുവരുന്നു. പ്രതികളെ കണ്ടെത്തുന്നതിന് കൊല്ലം ഈസ്റ്റ് പോലീസ് സബ്ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. കൊല്ലം ജില്ലാ പോലീസ് മേധാവി, കൊല്ലം എ.സി.പി തുടങ്ങിയ ഉന്നത പോലീസുദ്യോഗസ്ഥർ സംഭവ സ്ഥലം സന്ദർശിച്ച് അന്വേഷണത്തിന് നേതൃത്വം നൽകിയിട്ടുള്ളതാണ്. പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല

## പാലോട് റ്റി.ബി.ജി.ആർ.ഐ–യിലെ പ്രശ്നങ്ങൾ

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ ലോക ശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന ഏഷ്യയിലെ ഏറ്റവും വലിയ ഗവേഷണ സ്ഥാപനമായാണ് സംസ്ഥാനത്തെ പാലോട് റ്റി.ബി.ജി.ആർ.ഐ പ്രവർത്തിക്കുന്നത്. ജൈവ വൈവിധ്യ സംരക്ഷണവുമായി കാലിക പ്രസക്തിയുള്ള ഈ സ്ഥാപനം ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. ഇവിടെ 9-ാം ശമ്പള കമ്മീഷൻ പരിഷ്കരണം വളരെ വൈകിയാണ് നടപ്പിലാക്കിയത്. 30-03-2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 18-02-2013-ലാണ് കൗൺസിൽ ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് സ്ഥാപനത്തിൽ നടപ്പാക്കിയപ്പോൾ ഒട്ടേറെ അപാകതകൾ കടന്നുകൂടി. ഉദാഹരണമായി, ടെക്നിക്കൽ ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് 18740-33680 എന്ന ശമ്പള സ്കെയിൽ ഫിക്സ് ചെയ്യേണ്ടതിനുപകരം 16980-33360 സ്കെയിലിലാണ് ഫിക്സ് ചെയ്തത്. ഇത് സാമ്പത്തിക നഷ്ടത്തിനുപുറമെ ദീർഘകാലത്തേയ്ക്ക് സർവീസിൽ സ്റ്റാഗ്നേഷനും സംഭവിക്കാൻ ഇടയാക്കുന്നു. ഗാർഡനർ തസ്തികയിലെ ജീവനക്കാരുടെ അവസ്ഥയും വ്യത്യസ്തമല്ല. അവരുടെ ബേസിക് 13380-ൽ ആരംഭിക്കേണ്ടതിനുപകരം 9190-ൽ ആരംഭിക്കുന്ന സ്കെയിലാണ് കൊടുത്തിരിക്കുന്നത്. മറ്റ് തസ്തികകളിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇത് പരിഹരിക്കാനുള്ള ഫയൽ വകുപ്പ് മേധാവിക്ക് എത്തിയെങ്കിലും യാതൊരു നീക്കുപോക്കും നാളിതുവരെ ഉണ്ടായിട്ടില്ല.

10–ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിച്ചിരിക്കുന്ന സാഹചര്യത്തിൽ 9–ാം ശമ്പള കമ്മീഷൻ നടപ്പാക്കിയതിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. അങ്ങ് ഇടപെട്ട് അടിയന്തരമായി പരിഹരിക്കണം. ഒരേ ദിവസം ഒരേ തസ്തികയിൽ ഈ സ്ഥാപനത്തിൽ 2 പേർ താൽക്കാലിക നിമനം നേടിയിരുന്നു. ഒന്ന് ഷെഡ്യൂൾഡ് കാസ്റ്റ് വിഭാഗത്തിൽപ്പെട്ട ലാലനും മറ്റൊന്ന് ഒരു ഉല്ലാസും. ലാലൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളായതുകൊണ്ട് അയാളെ സ്ഥിരപ്പെടുത്തിയില്ല; ഉല്ലാസിനെ സ്ഥിരപ്പെടുത്തി. ഇക്കാര്യം സഭയ്ക്കകത്തും നേരിട്ടും ഞാൻ പറഞ്ഞിട്ടുള്ളതും ആയത് പരിഹരിക്കാമെന്ന് അങ്ങ് സഭയ്ക്കകത്തും നേരിട്ടും എന്നോട് സമ്മതിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. അടിയന്തരമായി ഈ വിഷയം പരിഹരിക്കണമെന്ന് ഞാൻ വീണ്ടും ആവശ്യപ്പെടുന്നു. ഗ്രാറ്റുവിറ്റിയും ഇ.പി.എഫ്. –ഉം ഇതുവരെയും അടയ്ക്കുന്നില്ല. 6.5 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ഗവൺമെന്റിന് അയച്ചിട്ടുണ്ട്. ഇത് പരിഗണിച്ച് സ്ഥാപനത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റണം. സി.എസ്.ഐ.ആർ. എല്ലാ ജീവനക്കാർക്കും അനുവദിക്കണം. 9 ടെക്നിക്കൽ ആഫീസർമാർ, ഉന്നത വിദ്യാഭ്യാസ യോഗ്യതയായ പി.എച്ച്.ഡി. നേടിയിട്ടുണ്ട്. ഇവർക്ക് ഫാസ്റ്റ്ട്രാക്ക് പ്രൊമോഷൻ നൽകണം. ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. ഡയറക്ടറുടെയും ഡ്രൈവർ സുധീന്ദ്രന്റെയും നേതൃത്വത്തിൽ അനധികൃത നിയമനങ്ങൾ ധാരാളം നടക്കുകയാണ്. ആഫീസ് അസിസ്റ്റന്റ് ആയി 6 പേരെ നിയമിച്ചു. സീമ–പേട്ട, പ്രതിഭാ റാണി–യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാന്റെ ഭാര്യ, അജിതാ നായർ–ഡ്രൈവർ സുധീന്ദ്രന്റെ അയൽവാസി, ചിത്ര, ജിഷി, അനുരാധ എന്നിവർ

ഡയറക്ടറുടെ ബന്ധുക്കളും ചിറയിൻകീഴ് നിവാസികളുമാണ്. പാലോട്, കല്ലറ, വാമനാപുരം പ്രദേശങ്ങളിലുള്ള നൂറുകണക്കിനാളുകൾ അപേക്ഷ കൊടുത്തിട്ടുണ്ട്. ഒരാളിനെപ്പോലും പരിഗണിക്കാതെയാണ് ഡ്രൈവറും ഡയറക്ടറും കൂടി നിയമനങ്ങൾ മുഴുവൻ നടത്തിയിട്ടുള്ളത്. ഇക്കാര്യങ്ങ ളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞിട്ടുള്ളതാണ്. ഇതിന് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റ്റി.ബി.ജി.ആർ.ഐ. നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനസ്ഥാപനമാണ്. അത് കൂടുതൽ ഉയരങ്ങളി ലേയ്ക്ക് വളരണം; അതിനുള്ള സാദ്ധ്യതയുണ്ടെന്ന പേരിൽ കേന്ദ്ര സ്ഥാപന മാക്കി മാറ്റണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും തത്വത്തിൽ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് സംസ്ഥാന തലത്തിലാണ് ഈ സ്ഥാപനത്തിന്റെ പ്രാധാന്യമെങ്കിൽ ദേശീയ തലത്തിൽ പ്രാധാന്യമുള്ള സ്ഥാപനമാക്കി മാറ്റാൻ നമുക്ക് കൂട്ടായി ശ്രമിക്കേണ്ടതായി ട്ടുണ്ട്. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഇവിടെ പറഞ്ഞ കാര്യ ങ്ങളിൽ ഒന്ന്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടതാണ്. 9-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്നുണ്ടായ അപാകതകൾ പരിഹരി ക്കണമെന്ന് പറഞ്ഞ് ജീവനക്കാരിൽ നിന്നും ലഭിച്ച പരാതികളിൽ അനന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും വേഗത്തിൽ അതു സംബന്ധിച്ചുള്ള തീരുമാനമുണ്ടാകും. ഒരാൾക്ക് പ്രൊമോഷൻ കൊടുത്തതി നെക്കുറിച്ചും ശ്രീ. ലാലന് പ്രൊമോഷൻ കിട്ടാതെ വന്നതിനെക്കുറിച്ചും ബഹു മാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയും എന്നോട് നേരിട്ട് പറയുകയും

ചെയ്തിരുന്നു. വേക്കൻസിയുടെ കുറവ് കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. രണ്ടുപേരും ഒരേ ദിവസമാണ് ജോലിയിൽ കയറിയത്. ഒരു വേക്കൻസി മാത്രം ഉണ്ടായിരുന്നതുകൊണ്ടാണ് ഒരാൾക്ക് പ്രൊമോഷൻ കൊടുത്തത്. അടുത്ത വേക്കൻസിയിൽ തീർച്ചയായും അദ്ദേഹത്തെ പ്രത്യേകമായി പരിഗണിക്കും. അതുപോലെ, ഈ സ്ഥാപനത്തിൽ അനധികൃതമായ നിയമനം നൂറുകണക്കിന് നടക്കുന്നുവെന്ന് പറഞ്ഞാൽ .....(ബഹളം)...... അത്ഭുതപ്പെട്ടുപോയി. നമുക്ക് അഭിമാനമായ സ്ഥാപനത്തെ പരാതിക്കതീത മായിട്ടുള്ള പ്രവർത്തനത്തിലൂടെ നയിക്കണം. അവിടത്തെ യൂണിയന്റെ നേതാവ് കൂടിയായ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരുടെയും പൂർണ്ണമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി

ശ്രീ. ഐ.സി. ബാലകൃഷ്ണൻ : സർ, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി–ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പ്രോജക്ട് ഗവൺമെന്റ് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഈ സഭയിൽ ഉന്നയിക്കുന്നത്. സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ മീനങ്ങാടി പഞ്ചായത്തിൽ ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി വരുമെന്ന ആശങ്കയിലാണ് പ്രദേശവാസികൾ. നിലവിൽ 7 കിലോമീറ്റർ ദൂരത്താണ് കാരാപ്പുഴ ഡാം സ്ഥിതി ചെയ്യുന്നത്. വിണ്ടുമൊരു ഡാമിന് സാദ്ധ്യത ഈ മേഖലയിൽ ഇല്ല. കാരാപ്പുഴ പദ്ധതി തൊട്ടടുത്തുള്ളപ്പോൾ ചൂണ്ടാലിപ്പുഴ പദ്ധതി നടപ്പാക്കിയാൽ വരാൻ പോകുന്ന നഷ്ടങ്ങൾ വളരെ വലുതാണ്. 20000 ഏക്കർ ഫലഭൂയിഷ്ഠമായ കൃഷി സ്ഥലമാണ് വെള്ളത്തിനടിയിൽ

ആകുന്നത്. 3000-ത്തോളം വീടുകൾ ഒഴിവാക്കേണ്ടിവരും. ഹയർ സെക്കണ്ടറി, യു.പി., എൽ.പി. ഉൾപ്പെടെ 3 വിദ്യാലയങ്ങൾ, 4 ക്രിസ്ത്യൻ ആരാധനാലയങ്ങൾ, 2 മുസ്ലീം പള്ളികൾ, 10 ഹിന്ദു ക്ഷേത്രങ്ങൾ, 20 പട്ടികവർഗ്ഗ കോളനികൾ, 5 പട്ടികജാതി കോളനികൾ, 7 അംഗൻവാടികൾ, 3 സാംസ്കാരിക നിലയങ്ങൾ, 2 ഓഡിറ്റോറിയങ്ങൾ, 3 ഹെൽത്ത് സെന്ററുകൾ, മീനങ്ങാടിയിൽ കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം, വില്ലേജുകൾ, പോസ്റ്റ് ഓഫീസുകൾ തുടങ്ങിയ നിരവധി പൊതുസ്ഥാപനങ്ങൾ നഷ്ടമാകും. രാത്രി യാത്രാനിരോധനവും കസ്തൂരിരംഗൻ റിപ്പോർട്ടും കടുവാ സങ്കേതത്തിന്റെ പേരിലുമൊക്കെ ആശങ്ക നിലനിൽക്കുന്ന നിയോജകമണ്ഡലമാണ് സുൽത്താൻ ബത്തേരി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി, ചൂണ്ടാലിപ്പുഴ പദ്ധതിയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. അതും ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്. മാത്രമല്ല, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ എല്ലാ ദിവസവും ആ പ്രദേശത്ത് വന്ന് പദ്ധതി വരാൻ പോകുന്നുവെന്ന ആശങ്ക ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, 7 കിലോമീറ്റർ അപ്പുറത്ത് കാരാപ്പുഴ ഡാം സ്ഥിതി ചെയ്യുകയാണ്. ചൂണ്ടാലിപ്പുഴ 1996-97 കാലഘട്ടത്തിൽ 35 മീറ്റർ വീതിയായിരുന്നെങ്കിൽ ഇപ്പോൾ 8-9 മീറ്റർ വീതിയിലേയ്ക്ക് കുറയുകയും വെള്ളം കുറയുകയും ചെയ്തു. കാരാപ്പുഴയിൽ നിന്നും ഡാമിലെ വെള്ളം പമ്പ് ചെയ്ത് റീചാർജ്ജ് ചെയ്ത് ചെറുകിട തടയണകൾ ചെയ്യിച്ചു. വയനാട് ജില്ലയെ സംബന്ധിച്ച് 8 ഡാമുകൾക്കാണ്

വിഭാവന ചെയ്തത്. ചൂണ്ടാലിപ്പുഴ, **കടമാംതോട്**, നൂൽപ്പുഴ, തിരുനെല്ലി, തൊണ്ടർനാട്, മാനന്തവാടി, പനമരം, **വാവ്ലി** തുടങ്ങിയവയാണ് ആ ഡാമുകൾ. നിലവിൽ 2 ഡാമുകളുള്ള ജില്ലയിൽ ഇത്രയും ഡാമുകൾ കൂടി പണിയുകയാണെങ്കിൽ വയനാട് ഭൂകമ്പത്തിന് സാക്ഷ്യം വഹിക്കേണ്ടിവരും. അതുകൊണ്ട്, ചൂണ്ടാലിപ്പുഴ പദ്ധതിയിൽ നിന്നും ഗവൺമെന്റ് പിന്മാറണമെന്നാണ് വയനാട് സുൽത്താൻ ബത്തേരിയിലെ മീനങ്ങാടി പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടി ഈ സബ്മിഷൻ ഞാൻ സഭയിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രിബ്യൂണലിന്റെ അവാർഡ് പ്രകാരം കബനി, ഭവാനി, പാമ്പാർ എന്നീ ബേസിനുകളിലേയ്ക്കായി 30 റ്റി.എം.സി. ജലമാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത അവാർഡ് പ്രകാരം കബനി ബേസിനിലേയക്ക് അനുവദിച്ചിട്ടുള്ള ജലവിഹിതം 21 റ്റി.എം.സി. ആണ്. അവാർഡിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ജലവിഹിതം മുഴുവനും പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ധ്രുതഗതിയിൽ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സബ്മിഷനിൽ, ശ്രീ.ഐ. സി. ബാലകൃഷ്ണൻ പരാമർശിച്ചിട്ടുള്ള ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് 1.31 റ്റി.എം.സി. ജലമാണ് അവാർഡ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഈ ജലവിഹിതം പരമാവധി ജലസേചനം, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ചൂണ്ടാലിപ്പുഴ ഇറിഗേഷൻ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ചെറുകിട ജലവൈദ്യുത ഉൽപ്പാദനവും ഇതിൽ ലക്ഷ്യമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി

2013–14 വർഷത്തിൽ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നമുണ്ട്. ഈ ഡാം വരുന്നതു കൊണ്ട് അവിടെ കൂടുതൽ കൃഷിഭൂമി വെള്ളത്തിനടിയിലാകുമെന്ന ആശങ്ക കൃഷിക്കാർക്കുണ്ട്. കസ്തുരി രംഗൻ, ഗാഡ്ഗിൽ റിപ്പോർട്ടുകൾ അവിടെ വലിയ പ്രത്യാഘാതമുണ്ടാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന നടപടി സ്വീകരിക്കരുതെന്ന് തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ട് ഇപ്പോൾ ഗവൺമെന്റ് പരിശോധി ക്കുന്ന സാദ്ധ്യത, കൃഷിഭൂമി വെള്ളത്തിനടിയിലേയ്ക്ക് മുങ്ങിപ്പോകാതിരി ക്കത്തക്ക വിധത്തിൽ നദിയിൽത്തന്നെ ചെറിയ ഡാമുകൾ ഉണ്ടാക്കി റിസർവോയർ ആകത്തക്കവിധത്തിലുള്ള സംവിധാനമാണ്. ചെക്ക് ഡാമിന് സമാനമായിട്ടുള്ള പ്രവർത്തനങ്ങൾ, നദിയുടെ പല ഭാഗത്തായി വെള്ളം കെട്ടിനിർത്തത്തക്ക വിധത്തിലുള്ള പദ്ധതി വിജയകരമാക്കാൻ പറ്റുമോ എന്നു ള്ളത് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച ആശങ്ക അവിടത്തെ കർഷകർക്കുണ്ടെന്ന് ഗവൺമെന്റിനറിയാം. അതുംകൂടി കണക്കിലെടുത്ത് മാത്രമേ ചൂണ്ടാലിപ്പുഴ പ്രേജക്ടിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുകയുള്ളുവെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## ഐ.എച്ച്.ആർ.ഡി.യുടെ കോളേജിന് സ്വന്തമായി കെട്ടിടം

ശ്രീ. എ. കെ. ബാലൻ: സർ, 2008–ൽ എന്റെ മണ്ഡലമായിരുന്ന തരൂ രിലെ കോട്ടായി ഗ്രാമത്തിലാരംഭിച്ച ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഇന്ന് സ്വന്തമായി കെട്ടിടമോ മറ്റ് ഭൗതീക സാഹചര്യങ്ങ ളോ ഇല്ലാത്ത സാഹചര്യത്തിലാണ്. കോട്ടായി പഞ്ചായത്തിന്റെ പ്രാധാന്യം

ഞാൻ പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല. കാരണം, ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ഗ്രാമമാണ്. ഞാൻ എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കോട്ടായി പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ, കൂടാതെ പഴയ പോലീസ് സ്റ്റേഷൻ, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് എന്നീ മൂന്ന് സ്ഥലങ്ങളിലാണ് ഇപ്പോൾ കോളേജ് പ്രവർത്തിക്കുന്നത്. ഈ മൂന്നു സ്ഥലങ്ങളും ഈ പഞ്ചായത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലാണ്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വലിയ ബുദ്ധിമുട്ടാണ് ഇതു സൃഷ്ടിക്കുന്നത്. കോളേജ് ആരംഭിക്കുവാൻ പഞ്ചായത്ത് താൽക്കാലികമായി നൽകിയതാണ് കമ്മ്യൂണിറ്റി ഹാളും പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസും. പഞ്ചായത്തിനും പി.ഡബ്ല്യൂ.ഡി. ക്കും അവരുടെ വരുമാന മാർഗ്ഗമാണ് ഇതിലൂടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഞാൻ ഇടപ്പെട്ട് കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് 33 സെന്റ് സ്ഥലം പഞ്ചായത്ത്, ഐ.എച്ച്.ആർ.ഡി. ക്ക് കൈമാറി. എന്നാൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചില്ല. ബി.എസ്.സി. ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിങ്ങനെ മൂന്ന് ഡിഗ്രി കോഴ്സുകളാണ് ഇവിടെയുള്ളത്. നല്ല അക്കാദമിക് നിലവാരത്തിലാണ് കോളേജ് പ്രവർത്തിക്കുന്നത്. കമ്പ്യൂട്ടർ സയൻസിനും ബികോമിനും ഈ വർഷം 100 ശതമാനമാണ് വിജയം. ഗ്രാമീണ മേഖലയിലെ വളരെ പാവപ്പെട്ട കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അവർക്ക് ഈ കോളേജ് ഒരു അനുഗ്രഹമാണ്. സ്ഥലപരിമിതിമൂലം കോളേജിന്റെ ഭാവിയിൽത്തന്നെ നാട്ടുകാർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആശങ്കയുണ്ട്. ഈ സാഹചര്യത്തിൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ കെട്ടിടം

അടിയന്തരാവശ്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ 2008–2009 അദ്ധ്യയന വർഷത്തിൽ പ്രവർത്തനമാരംഭിച്ച കുഴൽമന്ദം അപ്ലൈഡ് സയൻസ് കോളേജിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ നിരവധി ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കോട്ടായി ഗ്രാമപഞ്ചായത്തുവക കോട്ടായി ഒന്ന് വില്ലേജ്, സർവ്വെ നമ്പർ 697/2–ൽ ഉൾപ്പെട്ട 0.3635 ഹെക്ടർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് നിലനിർത്തിക്കൊണ്ട് കോളേജിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ഐ.എച്ച്.ആർ.ഡി. യെ അനുവദിക്കാൻ കോട്ടായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഡ്രോയിംഗ് തുടങ്ങിയവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് ലഭിച്ചാലുടൻതന്നെ കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈക്കത്ത് ഡിവൈ..എസ്.പി. ഓഫീസ്

ശ്രീ. കെ. അജിത്: സർ, വൈക്കത്ത് ഒരു ഡിവൈ.എസ്.പി. ഓഫീസ് വേണമെന്നതാണ് എന്റെ സബ്മിഷൻ. വൈക്കം താലൂക്ക്, പാലാ ഡിവൈ.എസ്.പി. ഓഫീസിന്റെ കീഴിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പാലാ ഡിവൈ.എസ്.പി. യുടെ കീഴിൽ 5 സി.ഐ. മാരും ഏതാണ്ട് 11

പോലീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്. ഈരാറ്റുപേട്ട പോലീസ് സ്റ്റേഷന്റെ പരിധിയിൽവരുന്ന വാഗമൺ എന്ന പ്രദേശത്തുനിന്നും വൈക്കത്ത് എത്തണമെങ്കിൽ ഏതാണ്ട് 100 കിലോമീറ്റർ യാത്ര ചെയ്യണം. പല സമയങ്ങളിലും വൈക്കത്ത് ഡിവൈ.എസ്.പി. യുടെ സേവനം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയാണ്. അവിടെയുള്ള ആളുകൾക്ക് മൈക്ക് സാങ്ഷൻ എടുക്കണമെങ്കിൽ ഏതാണ്ട് 45 കിലോമീറ്ററിനപ്പുറം സഞ്ചരിക്കേണ്ടതുണ്ട്. ഒരു വർഷത്തിൽ ഏകദേശം 2100 കേസുകൾ ചാർജ്ജുചെയ്യുന്നുണ്ട്. ഒരു മാസം ഏകദേശം 250 കേസുകൾ ചാർജ്ജുചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗം കേസുകളും പാലായിൽ പോയി പരിഹരിക്കേണ്ട വിഷയമാണ്. അതുകൊണ്ട് വലിയൊരു പോലീസ് ജ്യൂറിസ്ഡിക്ഷനുള്ള ഈ ഭാഗം വേർതിരിച്ച് വൈക്കത്ത് ഒരു ഡിവൈ.എസ്.പി. ഓഫീസ് വേണമെന്നതാണ് എന്റെ ആവശ്യം. ഇപ്പോൾ കോട്ടയം ഡിവൈ.എസ്.പി. യുടെ കീഴിലുള്ള കുറവിലങ്ങാട്, വൈക്കം, കടുത്തുരുത്തി, വെള്ളൂർ, തലയോലപ്പറമ്പ് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡിവൈ.എസ്.പി. ഓഫീസ് സ്ഥാപിക്കണമെന്നതാണ് എന്റെ ആവശ്യം. അതോടൊപ്പംതന്നെ, നിലവിലുള്ള വെച്ചൂർ, കല്ലറ, തലയാഴം പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ടും, ഇപ്പോൾ കുമരകത്തിന്റെ ഭാഗം വരുന്നിടത്ത് രണ്ട് പോലീസ് സ്റ്റേഷനുകൾ കവറുചെയ്തുകൊണ്ടാണ് കോട്ടയത്തുനിന്ന് പോലീസ് ഇവിടെ എത്തുന്നത്. ഏറ്റുമാനൂരും കുമരകവും കഴിഞ്ഞാണ് കോട്ടയം പോലീസ് ഈ നീണ്ടൂർ എന്നുപറയുന്ന പ്രദേശത്ത് എത്തുന്നത്. അതുകൊണ്ട് ഇതും ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പോലീസ് സ്റ്റേഷനും അതിന്റെകൂടെ ഒരു ഡിവൈ.എസ്.പി. ഓഫീസും സ്ഥാപിച്ചുതരണമെന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാനപ്പെട്ട

മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. മന്ത്രി കോട്ടയത്തിന്റെ എം.പി.യായി പ്രവർത്തിച്ചിട്ടുള്ളയാളാണ്. ആ പ്രദേശങ്ങളും സ്ഥലങ്ങളും അദ്ദേഹത്തിന് നല്ല നിശ്ചയമുള്ളതാണ്. അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട വൈക്കം മെമ്പർ ശ്രീ. കെ. അജിത് ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. പാലാ സബ്ഡിവിഷനിൽ നിലവിൽ പാലാ, രാമപുരം, ഈരാറ്റുപേട്ട, കടുത്തുരുത്തി, വൈക്കം എന്നീ 5 സർക്കിളുകളും 11 പോലീസ് സ്റ്റേഷനുകളും 3 ഔട്ട് പോസ്റ്റുകളുമാണുള്ളത്. ഭൂമിശാസ്ത്രപരമായി പാലാ സബ്ഡിവിഷനിലെ പാലാ, ഈരാറ്റുപേട്ട, രാമപുരം എന്നീ സർക്കിളുകളുമായി വേറിട്ടാണ് കടുത്തുരുത്തി, വൈക്കം എന്നീ സർക്കിളുകൾ സ്ഥിതിചെയ്യുന്നത്. ജില്ലയിലെ ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നാണ് വൈക്കം. ആലപ്പുഴ ജില്ല അതിർത്തി മുതൽ ഇടുക്കി ജില്ലാതിർത്തിവരെ 100 കിലോമീറ്ററലധികം ദൈർഘ്യമുള്ളതാണ് പാലാ സബ്ഡിവിഷൻ. വൈക്കം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചില പ്രദേശങ്ങളിൽനിന്നും പാലാ ഡിവൈ.എസ്.പി. ഓഫീസിലെത്താൻ 60 കിലോമീറ്റർ യാത്രചെയ്യേണ്ടതുണ്ട്. നഗരപ്രദേശമായതിനാൽ വിവിധ തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ ധാരാളമായി ഉണ്ടാകുന്നതിനാൽ ജോലിഭാരം വളരെ കൂടുതലാണ്. മേൽപ്പറഞ്ഞ സംഗതികളുടെ പശ്ചാത്തലത്തിൽ ഭരണപരമായ സൗകര്യത്തിനും ക്രമസമാധാന പ്രശ്നങ്ങൾ സുഗമമായി പരിഹരിക്കുന്നതിനും വിവിധ പോലീസ് സ്റ്റേഷനുകളും സർക്കിളും

ക്രമീകരിച്ച് വൈക്കം ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കണമെന്നുള്ള ഈ ആവശ്യം ഗവൺമെന്റ് വകുപ്പുതലത്തിൽ പരിശോധിച്ചുവരികയാണ്. ശ്രീ. മോൻസ് ജോസഫ്, ഈ ഡിവൈ.എസ്.പി. ഓഫീസ് കടുത്തുരുത്തിയിൽ സ്ഥാപിക്കണമെന്നാരു ആവശ്യംകൂടി ഉന്നയിച്ചിട്ടുള്ളതാണ്. അക്കാര്യത്തിൽ നമുക്ക് സംസാരിച്ചൊരു ധാരണയുണ്ടാക്കാം. തീർച്ചയായും ശ്രീ. കെ. അജിത് പറഞ്ഞത് പൂർണ്ണമായും നീതിക്കരിക്കാവുന്ന കാര്യം തന്നെയാണ്. കാരണം 60 കിലോമീറ്റർ ദൂരം യാത്രചെയ്ത് പോകേണ്ടതാണ്. തലയാഴം, വെച്ചൂർ തുടങ്ങിയ എല്ലാ പഞ്ചായത്തുകൾക്കും ആലപ്പുഴ ജില്ലയുടെ അതിർത്തിയിൽനിന്നാണ് പാല വരെ പോകേണ്ടത്. ഏതായാലും പരിശോധിച്ച് ഇക്കാര്യത്തിലൊരു നടപടിയെടുക്കാമെന്ന് ഞാനുറപ്പുതരുന്നു.

## റോസ്മല പ്രദേശത്തെ ആര്യങ്കാവ് വില്ലേജിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. രാജു: സർ, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽപ്പെട്ട കുളത്തുപ്പുഴ വില്ലേജിലുൾപ്പെട്ട പ്രദേശമാണ് റോസ്മല എന്നുപറയുന്ന ഒരു ഒറ്റപ്പെട്ട ഗ്രാമം. കുളത്തുപ്പുഴ വില്ലേജിലെ മറ്റെല്ലാ പ്രദേശങ്ങളിൽനിന്നും ഒറ്റപ്പെട്ടുകിടക്കുന്ന വനമേഖലയാണത്. ഏകദേശം 450 കുടുംബങ്ങളാണ് അവിടെയുള്ളത്. നിലവിൽ കുളത്തുപ്പുഴ പഞ്ചായത്തിന്റെ ഒരു വാർഡാണ് റോസ്മല. മൂന്നുവശങ്ങളിലും വനവും ഒരുവശത്ത് തെന്മല ഡാമിന്റെ റിസർവോയറുമാണ്. കുളത്തുപ്പുഴ വില്ലേജ് ഓഫീസിലും കുളത്തുപ്പുഴ ടൗണിലും എത്തണമെങ്കിൽ ഉദ്ദേശം 40 കിലോമീറ്റർ സഞ്ചരിക്കണം. ആര്യങ്കാവ്-തെന്മല പഞ്ചായത്തുകളിൽകൂടി സഞ്ചരിച്ചുവേണം റോസ്മലയിലെ ആളുകൾക്ക് കുളത്തുപ്പുഴ ആസ്ഥാനത്ത് വരേണ്ടത്. 13 കിലോമീറ്റർ മാത്രം

സഞ്ചരിച്ചാൽ ആര്യങ്കാവ് പഞ്ചായത്തിന്റെ ആസ്ഥാനത്തെത്താം. പ്രധാന പ്പെട്ട റോഡും അതുപോലെതന്നെ മാർക്കറ്റ്, വിദ്യാലയങ്ങൾ എല്ലാം തൊട്ടടു ത്തുള്ള കേന്ദ്രമായിട്ടുള്ള ആര്യങ്കാവിൽ റോസ്മലയിലുള്ളവർക്ക് പെട്ടെന്ന് എത്താൻ സാധിക്കും. അവർ ദൈനംദിന ആവശ്യങ്ങൾക്കായി അവിടെയാണ് വരുന്നത്. പക്ഷെ അവരുടെ പഞ്ചായത്തും വില്ലേജും ഇപ്പോഴും കുളത്തു പ്പുഴയാണ്. ഇതിനൊരു പരിഹാരം ഉണ്ടാകണം. ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് മാത്രമല്ല ഭരണസൗകര്യവും കൂടി കണക്കിലെടുത്തുകൊണ്ട് ഈ ഒറ്റപ്പെട്ട വനമേഖലയിൽ താമസിക്കുന്ന ഗ്രാമപ്രദേശത്തെ ആര്യങ്കാവ് വില്ലേജി ലുൾപ്പെടുത്തണം. അതുപോലെതന്നെ പഞ്ചായത്തിലും മാറ്റം വരുത്തണം. പഞ്ചായത്തും കുളത്തുപ്പുഴയിൽ നിന്ന് മാറ്റി ആര്യങ്കാവ് പഞ്ചായത്തിലുൾപ്പെ ടുത്തണം. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്കുള്ള അഭ്യർത്ഥന.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഭൂമി ശാസ്ത്രപരമായ സമാനതകൾ കണക്കിലെടുത്ത് വില്ലേജ് വിഭജനം നടത്തിയ അവസരത്തിൽ റോസ്മല പ്രദേശം കുളത്തൂപ്പുഴ വില്ലേജിൽ ഉൾപ്പെടുത്തിയി രുന്നതും നിലവിൽ പ്രസ്തുത വില്ലേജിന്റെ ഭാഗമായി തുടർന്നുവരുന്നതു മാണ്. 1890–ൽ കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി തെന്മല പരപ്പാർ ഡാം നിർമ്മിച്ച് ജലസംഭരണം ആരംഭിച്ചതോടെ ഡാമിന്റെ പ്രദേശത്തോട് ചേർന്നുവരുന്ന റോസ്മല പ്രദേശം കുളത്തൂപ്പുഴ വില്ലേജിന്റെ മറ്റുപ്രദേശങ്ങ ളുമായുള്ള ഉപരിതല ഗതാഗത ബന്ധം വിച്ഛേദിക്കപ്പെട്ട് ഒറ്റപ്പെട്ടുപോയതാണ്. നിലവിൽ റോസ്മല പ്രദേശിവാസികളായ കുടുംബങ്ങൾക്ക് ആര്യങ്കാവ്

തെന്മല വില്ലേജുകൾ കടന്ന് ഏകദേശം 50 ഓളം കി.മീ. സഞ്ചരിച്ചാൽ മാത്രമേ കുളത്തൂപ്പുഴ വില്ലേജിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. പൊതു ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും റവന്യൂ ഭരണത്തിന്റെ സൗകര്യം മുൻനിർത്തിയും റോസ്മല പ്രദേശത്തെ ആര്യങ്കാവ് വില്ലേജിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപ ടികൾ സ്വീകരിക്കുന്നതാണ്. ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കു റിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായും ഇക്കാ ര്യത്തിൽ ഒരു നടപടി സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. അങ്ങ് നേരത്തെ ഒരു ചോദ്യം എനിക്ക് തന്നിട്ടുണ്ട്. ഞാൻ അതിന് മറുപടിയും നൽകിയിട്ടുള്ളതാണ്. ഏതായാലും ഇക്കാര്യത്തിൽ നട പടി ഉണ്ടാകുന്നതാണ്.

## കെ.പി.എസ്.റ്റി.യു. വിന്റെ ആവശ്യങ്ങൾ

ശ്രീ. സി.പി. മുഹമ്മദ് : സർ, ഏറ്റവും വലിയ അദ്ധ്യാപക സംഘടനകളി ലൊന്നായ കെ.പി.എസ്.റ്റി.യു. പൊതുവിദ്യാഭ്യാസം 2014-15 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയവും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഇതര വിഷയങ്ങൾ എന്നിവ സംബന്ധിച്ചുള്ള ആവശ്യങ്ങൾ നേടിയെടുക്കു വാൻ സെക്രട്ടേറിയറ്റിന്റെ മുമ്പിൽ ഇന്ന് ധർണ്ണ നടത്തുകയാണ്. അദ്ധ്യാപക – വിദ്യാർത്ഥി അനുപാദം 1:30, 1:35 എന്നീ ക്രമത്തിൽ നിർണ്ണയിക്കുമ്പോൾ നിലവിലുള്ള 2010–2011–ലെ തസ്തികകൾക്ക് ബാധകമാക്കുകയും സർക്കാർ, എയ്ഡഡ്, കോർപ്പറേറ്റ് വിദ്യാലയങ്ങൾ എന്നിങ്ങനെ വിവേചനം ഇല്ലാതെ നടപ്പാക്കേണ്ടതാണ്. എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികളിൽ ആവ

ശ്യമായ ക്ലസ്റ്റർ കോ–ഓർഡിനേറ്റർമാർ, ട്രെയ്നർമാർ, ഡി.പി.ഒ. മാർ, പ്രോജക്ട് ഓഫീസർമാർ എന്നീ തസ്തികകളിൽ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുമ്പോൾ അത്തരം തസ്തികകളിലേയ്ക്ക് പകരക്കാരായി അധികമായി വരുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കാവുന്നതാണ്. ഒരുപാട് കാര്യങ്ങൾ ഈ ധർണ്ണയ്ക്ക് ആധാരമായിട്ടുണ്ട്. സമയക്കുറവുകൊണ്ട് അതെല്ലാം ഇവിടെ വിവരിക്കുന്നില്ല. പ്രീ–പ്രൈമറി അദ്ധ്യാപകരുടെ പ്രശ്നങ്ങൾ, ആർ.എം.എസ്.എ. വിദ്യാലയങ്ങളുടെ പ്രശ്നങ്ങൾ, സൗജന്യ യൂണിഫോം വിതരണം, ഉച്ചഭക്ഷണ വിതരണം, അദ്ധ്യാപകരുടെ നിയമനാംഗീകാരം, ടൈംടേബിൾ പുനഃക്രമീകരണം, വിദ്യാലയങ്ങൾ അടച്ചുപൂട്ടരുതെന്ന ആവശ്യം, എസ്.എസ്.എ. ഫണ്ട് എല്ലാ വിദ്യാലയങ്ങൾക്കും നൽകണം, അദ്ധ്യാപക തസ്തിക പുനർനാമകരണം, കെ.ഇ.ആർ ഭേദഗതി അടക്കമുള്ള ഒരുപാട് കാര്യങ്ങൾ കെ.പി.എസ്.റ്റി.യു. വിന്റെ ധർണ്ണയ്ക്ക് ആധാരമായ കാര്യങ്ങളാണ്. ഇതിനെല്ലാം പരിഹാരമുണ്ടാക്കണമെന്നും അദ്ധ്യാപക പാക്കേജിലുള്ള അപാകതകൾ പരിഹരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, കെ.പി.എസ്.റ്റി.യു. സമർപ്പിച്ച നിവേദനത്തിലെ 1 മുതൽ 16 വരെയുള്ള പല നിർദ്ദേശങ്ങളും സർക്കാർ പരിശോധിച്ചിട്ടുള്ളതും അധികമായ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് 29-11-2013–ലെ സ.ഉ.(പി)നം.313/13/പൊ.വി.വ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 2010-11–ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം നിലവിലുള്ള അദ്ധ്യാപകരെ നിലനിറുത്തുന്നതിനായി അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം സർക്കാർ എയ്ഡഡ്

സ്കൂളുകളിൽ 1:30, 1:35 എന്ന ക്രമത്തിൽ കണക്കാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2014-15–ലെ തസ്തിക നിർണ്ണയം പൂർത്തിയാകുമ്പോൾ ഇനിയും കൂടുതൽ അദ്ധ്യാപകർ പുറത്താകുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അവരെ നിലനിറുത്തുന്നതിനായി പ്രസ്തുത നിർദ്ദേശങ്ങൾ അവയുടെ സാമ്പത്തിക ബാധ്യതയും പ്രായോഗിക വശങ്ങളും കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.

2. **ക്ലസ്റ്റർ കോ–ഓർഡിനേറ്റർമാരുടെ വിവിധ പ്രശ്നങ്ങൾ:** ക്ലസ്റ്റർ കോ–ഓർഡിനേറ്റർമാരുടെ വിവിധ പ്രശ്നങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ടുവാങ്ങി പരിശോധിക്കുന്നതും സർക്കാർ നിർദ്ദേശം അനുസരിക്കാത്ത വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

3. **പ്രീ–പ്രൈമറി അദ്ധ്യാപകർ** : സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ–പ്രൈമറി ക്ലാസുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. അദ്ധ്യാപകരുടെയും ആയമാരുടെയും നിയമനത്തിനുള്ള അംഗീകാരവും നൽകിയിട്ടില്ല. ആയതിനാൽ എയ്ഡഡ് സ്കൂളുകളിലെ പ്രീ–പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കാൻ കഴിയില്ല. പി.റ്റി.എ. യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിലെ പ്രീ–പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം യഥാക്രമം 5000 രൂപ, 3500 രൂപ നിരക്കിൽ ഓണറേറിയം ലഭ്യമാക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2782.56 ലക്ഷം രൂപ അധിക ധനാഭ്യർത്ഥനവഴി അനുവദിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ 2260 ലക്ഷം രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്.

സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ പ്രീ–പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുംകൂടി ഓണറേറിയം അനുവദിച്ചാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത നേരിടേണ്ടിവരും. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് മാറ്റുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

4. **ആർ.എം.എസ്.എ. വിദ്യാലയങ്ങൾ**: ആർ.എം.എസ്.എ. വിദ്യാലയങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും ട്രഷറിവഴി ശമ്പളം വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ആർ.എം.എസ്.എ. യിലൂടെ അപ്ഗ്രേഡ് ചെയ്തിട്ടുള്ള സ്കൂളുകൾ ഗവണ്മെന്റ് സ്കൂളുകളാണ്. സംസ്ഥാനത്തെ മറ്റ് ഗവണ്മെന്റ് സ്കൂളുകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡമാണ് ഈ സ്കൂളുകളിലും ബാധകമാകുന്നത്.

5. **സൗജന്യ യൂണിഫോം വിതരണം** : സൗജന്യ യൂണിഫോം നൽകുന്നതിന് എംപാനൽ ചെയ്ത ബിഡ്ഡർമാരിൽനിന്നോ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഓപ്പൺമാർക്കറ്റിൽനിന്നോ യൂണിഫോം വിതരണം ചെയ്യുന്നതിന് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് അനുവാദം നൽകിക്കൊണ്ട് 19-11-2013-–ൽ ജി.ഒ.(എം.എസ്) നം.298/13/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14–ലെ യൂണിഫോം വിതരണം ഗവണ്മെന്റ് സ്കൂളുകളിൽ 90 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 70 ശതമാനവും പൂർത്തികരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് എംപാനൽഡ് കമ്പനി പ്രതിനിധികളുടെ യോഗം 18-06-2014-ന് പൊതിവിദ്യാഭ്യാസ ഡയയറക്ടർ വിളിച്ചുചേർക്കുകയുണ്ടായി. മിക്കവാറും എല്ലാ കമ്പനികളും 30-06-2014–നകം യൂണിഫോം വിതരണം പൂർത്തീകരിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. വിതരണം നിശ്ചിത സമയത്തി

നകം പൂർത്തീകരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷവും യൂണിഫോം അനുവദിച്ചു നൽകുന്നതാണ്.

## എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരണം

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, എന്റെ മണ്ഡലത്തിൽ വിസ്തൃതിയിലും ജനസംഖ്യയിലും വലിയ ഗ്രാമപഞ്ചായത്തുകളായ ചേലക്കര, പഴയന്നൂർ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് പുതിയ ഒരു ഗ്രാമപഞ്ചായത്ത് രൂപീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ചേലക്കര പഞ്ചായത്തിന്റെ വിസ്തൃതി എന്നുപറയുന്നത് 59.83 ചതുരശ്ര കിലോമീറ്ററാണ്. അവിടത്തെ ജനസംഖ്യ 41,433 ആണ്. അവിടെ 22 വാർഡുകളുമുണ്ട്. പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 59.3 ചതുരശ്ര കിലോമീറ്ററാണ്. അവിടത്തെ ജനസംഖ്യ 43,325 ആണ്. അവിടെയും 22 വാർഡുകളുണ്ട്. അങ്ങനെ ഈ രണ്ട് പഞ്ചായത്തുകളും വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും വലിയ പഞ്ചായത്തുകളാണ്. അത് വിഭജിച്ച് എളനാട് പഞ്ചായത്ത് രൂപീകരിക്കണമെന്ന് നിരവധി കാലമായി ആവശ്യപ്പെടുകയാണ്. ഡീ-ലിമിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം നടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ചേലക്കര, പഴയന്നൂർ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് എളനാട് കേന്ദ്രീകരിച്ച് ഒരു പുതിയ പഞ്ചായത്ത് ഉണ്ടാക്കണമെന്ന് വിനയപുരസരം ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, 2015–ലെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി 2011-–ലെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാവുന്നതും വികസിത ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി പരിവർത്തനം ചെയ്യാവുന്നതുമാണ്. ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, ചീഫ് ഠൗൺ പ്ലാനർ എന്നിവരെ ഉൾപ്പെടുത്തി 10-06-2014–ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും പഞ്ചായത്ത് ഡയറക്ടറെ സമിതിയുടെ കൺവീനറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ വിഭജനവും രൂപീകരണവും ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും തനതു വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കിവരുന്നത്. ഇതിലേയ്ക്കായി രൂപീകരിച്ച പ്രസ്തുത സമിതി സമർപ്പിക്കുന്ന ശുപാർശകൾക്കനുസൃതമായി തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിലെ ചേലക്കര, പഴയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ച് എളനാട് ഗ്രാമപഞ്ചായത്ത് രൂപീകരിക്കണമെന്ന വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന ഗുരു

തരമായ പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ വർഷം വേനൽ മഴയിൽ വയനാട് ജില്ലയിൽ 500 ഹെക്ടർ കൃഷി ഭൂമിയിലെ വിളകൾ നശിക്കുകയും 12 കോടിയോളം രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. 2012 –ൽ ഗവൺമെന്റ് ഒരു ജി.ഒ. ഇറക്കിയിരുന്നു. അതുപ്രകാരം കർഷകർക്ക് നൽകേണ്ട കോമ്പൻസേഷൻ വർദ്ധിപ്പിച്ചു. നെല്ലിന് 4,000 രൂപയിൽ നിന്ന് 10,000 രൂപയായും തേങ്ങയ്ക്ക് 300 രൂപയിൽ നിന്ന് 700 രൂപയായും വർദ്ധിപ്പിച്ചു. ആ വർഷം 12-9-2012 ൽ ഇറക്കിയ നാഷണൽ കലാമിറ്റീസിന്റെ നോംസ് പ്രകാരം ആ ജി.ഒ പ്രൊട്ടക്റ്റ് ചെയ്തിരുന്നു. എന്നാൽ 2014 –ൽ നോംസ് ഇറക്കിയപ്പോൾ പ്രൊട്ടക്റ്റ് ചെയ്യാത്തതുകൊണ്ട് ഒരു വാഴയ്ക്ക് 100 രൂപ കൊടുത്തിരുന്നത് ഇപ്പോഴത്തെ നോംസ് പ്രകാരം 3.60 പൈസ മാത്രമാണ് കൊടുക്കാൻ സാധിക്കുക. അതുപോലെ ഒരു തെങ്ങിന് 700 രൂപ കൊടുത്തിരുന്നത് ഇപ്പോൾ 68 രൂപയാണ് ഒരു തെങ്ങ് നശിച്ചാൽ കർഷകന് ലഭിക്കുക. Poultry – Rs. 35/- per bird subject to a ceiling to the extent of Rs. 400/- per beneficiary. പോൾട്രി കർഷകന് നഷ്ടം ഉണ്ടായാൽ മാക്സിമം 400 രൂപയാണ് ലഭിക്കുക. ജി.ഒ പ്രൊട്ടക്റ്റ് ചെയ്യാത്തതുകൊണ്ടാണ് ഈ സംഭവ വികാസം ഇവിടെ ഉടലെടുത്തത്. 2011 മുതലുള്ള തുക കുടിശ്ശികയായി നൽകാനുമുണ്ട്. 2011-12 വർഷത്തെ തുകയും കഴിഞ്ഞ വർഷത്തെ 50 ശതമാനം തുകയും കൃഷിഭവനിൽ എത്തിയെങ്കിലും പുതുക്കിയ കേന്ദ്ര നോംസിന്റെ അടിസ്ഥാനത്തിൽ അത് വിതരണം ചെയ്യാൻ

സാധിച്ചില്ല. ഇതിൽ ഗവൺമെന്റിന്റെ നയമെന്താണെന്ന് കൃത്യമായി വ്യക്തമാക്കണം. 2012-ലെ ജി.ഒ പ്രകാരമുള്ള നഷ്ടപരിഹാരമാണോ നൽകാൻ തീരുമാനിച്ചിട്ടുള്ളത് അതോ 2014-ൽ ഇറക്കിയ ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ നോംസ് ഓഫ് റിലീഫ് പ്രകാരമുള്ളതാണോ നടപ്പാക്കുന്നത്. അല്ലെങ്കിൽ ഇതിനാവശ്യമായ അഡീഷണൽ തുക സംസ്ഥാന സർക്കാർ നൽകിക്കൊണ്ട് കർഷകർക്ക് കഴിഞ്ഞ മൂന്ന് വർഷമായി നഷ്ടപരിഹാരമായി നൽകേണ്ട തുക നൽകുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുമോ; ഗവൺമെന്റിന്റെ നയം ഇതിൽ വ്യക്തമാക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വയനാട് ജില്ലയിൽ 2014 -ലെ വേനൽ മഴയിൽ ഏകദേശം 7369 കർഷകരുടെ 708.18 ഹെക്ടർ പ്രദേശത്ത് കൃഷിനാശമുണ്ടായിട്ടുണ്ട്. പ്രധാനമായും വാഴ, കുരുമുളക്, റബ്ബർ, തെങ്ങ്, പച്ചക്കറികൾ, കവുങ്ങ് എന്നീ വിളകൾക്കാണ് നാശനഷ്ടമുണ്ടായത്. ആകെ 26 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡ പ്രകാരം 12 കോടി രൂപയോളം രൂപ കർഷകർക്ക് നഷ്ടപരിഹാരമായി ലഭ്യമാക്കേണ്ടതുണ്ട്. 2012-13 ലെ വരൾച്ചാ ദുരിതാശ്വാസമായി 31-3-2014 -ന് ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച 2,98, 90,757 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന 27,89,048 രൂപ

മാത്രം 24-06-2014 –ന് ജില്ലാ കളക്ടറിൽ നിന്നും ജില്ലാ പ്രിൻസിപ്പൽ അഗ്രി കൾച്ചർ ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്. ആയത് കർഷകന് ഉടനെ വിതരണം ചെയ്യുന്നതാണ്. 2012-13 –ലെ കാലവർഷക്കെടുതിക്ക് നഷ്ടപരിഹാരമായി 31-3-2014 –ന് 10,38,65,061 രൂപ മാത്രം ജില്ലാ കളക്ടറിൽ നിന്നും ലഭിച്ചിരുന്നുവെങ്കിലും ഇലക്ഷൻ പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ മെയ് മാസം 31 –ന് ശേഷം മാത്രമാണ് ആയത് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് മാറ്റാൻ സാധിച്ചത്. കൂടാതെ 2012-13 വർഷത്തെ ക്ലെയിം തയ്യാറാക്കിയപ്പോൾ കർഷകരുടെ അക്കൗണ്ട് നമ്പരുകൾ ഉൾപ്പെടുത്തിയിരുന്നില്ല. നിലിവലുള്ള വ്യവസ്ഥകൾ പ്രകാരം ഇ–പേമെന്റ് വഴി മാത്രമേ നഷ്ടപരിഹാരതുക വിതരണം ചെയ്യാൻ പാടുള്ളൂ എന്നതിനാൽ കർഷകരുടെ അക്കൗണ്ട് നമ്പരുകൾ ശേഖരിച്ച് നഷ്ടപരിഹാരതുക അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. 2013-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷക്കെടുതിയിൽ ഉണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി 5,97,42,775 രൂപ നൽകേണ്ടതുണ്ട്. അതിൽ ഒരുകോടി രൂപ 24-6-2014 - ന് ലഭിച്ചിട്ടുണ്ട്. ആയത് കർഷകർക്ക് ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 2013 –ലെ കൃഷി നാശം സംഭവിച്ചതിന് വിതരണം ചെയ്യാനുള്ള ബാക്കി തുകയും പ്രകൃതിക്ഷോഭംമൂലം നെൽകൃഷി നശിച്ചതിന് പകരം വീണ്ടും കൃഷി ചെയ്യുന്നതിന് സംസ്ഥാനത്തെ വിത്ത് വികസന അതോറിറ്റിയിൽ നിന്നും സൗജന്യമായി നൽകിയ 290 ക്വിന്റൽ വിത്തിന് കിലോയ്ക്ക് 30 രൂപ നിരക്കിൽ വിത്ത് വികസന അതോറിറ്റിക്ക് നൽകേണ്ട തുകയും ഉൾപ്പെടെ ജില്ലാ കളക്ട

റിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ഫണ്ട് ലഭിച്ചാലുടൻ കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും നൽകി വരുന്ന തുക 11-6-2012 –ലെ ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ക്ഷേഭങ്ങൾ കണക്കിലെടുത്ത് ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംസ്ഥാനത്തിന് അനുവദിക്കുന്ന തുക ആനുപാതികമായി വർദ്ധിപ്പിക്കണമെന്നും ദുരന്ത പ്രതികരണ നിധിയിൽ തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് 14-ാം ധനകാര്യകമ്മീഷൻ മുൻപാകെ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. 24-1-2014 –ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും ധനസഹായം നൽകി വരുന്നത്. ഇതിന് പരിഹാരമായാണ് സ്റ്റേറ്റ് ക്രോപ് ഇൻഷ്വറൻസ് നടപടികൾ ആരംഭിച്ചിരിക്കുന്നത്. സ്റ്റേറ്റ് ക്രോപ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 25 ഇനം നാണ്യ വിളകൾക്ക് സഹായം നൽകാൻ സാധിക്കും. ചിങ്ങം ഒന്നിന് മുമ്പ് അത് പ്രാബല്യത്തിൽ വരും. അതിൽ പറയുന്നത്, Natural calamities viz., drought, flood, landslide, earthquake, sea erosion, storm, hurricane, wild life menace and forest fire etc. Farmers cultivating in their own land or leased land are eligible. ലീസ് ലാന്റിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പോലും ധനസഹായം കിട്ടുന്ന രൂപത്തിലേയ്ക്കുള്ള ക്രോപ് ഇൻഷ്വറൻസ് വരാൻ പോവുകയാണ്. അതിന് 5 കോടി 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയി

രുത്തിയിട്ടുണ്ട്. അത് പ്രാബല്യത്തിൽ വരുന്നതോടെ ഇതിനെല്ലാം പരിഹാരം കാണാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചപോലെ 24-1-14 –ലെ ജി.ഒ പ്രകാരം കിട്ടാതിരിക്കുന്ന സന്ദർഭമുണ്ടായതുകൊണ്ടാണ് 11-6-2012 -ൽ ഇറങ്ങിയ ഉത്തരവ് പ്രകാരം തന്നെ വർദ്ധിപ്പിച്ച സഹായം വിതരണം ചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും കൂടി കൺസൽട്ട് ചെയ്തുകൊണ്ട് ഇക്കാര്യം പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രകൃതിക്ഷോഭംമൂലം കൃഷി നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള വകുപ്പുണ്ടെന്ന് പറഞ്ഞു. ഇടിമിന്നൽ പ്രകൃതി ക്ഷോഭത്തിൽപ്പെടുമോ, ഇടിമിന്നലേറ്റ് കൃഷി നശിച്ചാൽ അവർക്ക് നഷ്ടപരിഹാരം കിട്ടാത്ത സ്ഥിതിയുണ്ട്. അത് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ശ്രീ. കെ. പി. മോഹനൻ: ഇക്കാര്യം കർഷകർ പ്രത്യേകം ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് കേന്ദ്രത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ക്രോപ്പ് ഇൻഷ്വറൻസിൽ അതുകൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്. അഞ്ചുകോടി എഴുപത് ലക്ഷം രൂപ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷക ദിനത്തിന് മുമ്പ് പ്രാബല്യത്തിൽ വരുന്നതാണ്.

## തോട്ടം തൊഴിലാളികളുടെ പുനരധിവാസം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് തോട്ടംമേഖലയിൽ ജോലിചെയ്യുന്ന തോട്ടം തൊഴിലാളികളുടെ സ്ഥിതി പരമ ദയനീയമാണ്. കേരളത്തിലെ തന്നെ തേയില തോട്ടം തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും സ്ഥിതി ദയനീയം തന്നെയാണ്. റിലീഫ് ഫണ്ട് കമ്മിറ്റിയുടെ

പ്രവർത്തനങ്ങൾ മുൻപ് ഉണ്ടായിരുന്നു. ഇന്ന് അറിയാൻ കഴിഞ്ഞത് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടു പോകണ്ടെന്ന് പറഞ്ഞ് തൊഴിൽ വകുപ്പ് ഉത്തരവിറക്കിയിരിക്കുന്നുവെന്നാണ്. തോട്ടം തുറക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റുകൾ നടപ്പാക്കുവാൻ തോട്ടം മാനേജ്മെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ആ ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തോട്ടം തൊഴിലാളികൾക്ക് ആശ്വാസം എന്ന നിലയിലാണ് 'ഭവനം പദ്ധതി' നടപ്പിലാക്കിയത്. ഈ ഗവൺമെന്റിന്റെ കാലത്ത് 25 കോടി രൂപ അതിനുവേണ്ടി വകയിരുത്തിയെങ്കിലും ഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു രൂപ പോലും നമുക്ക് ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് തോട്ടം മേഖലയിലെ തോട്ടം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി തോട്ടം ഉടമകളുടെയും തൊഴിൽ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥൻമാരെ വിളിച്ചുചേർത്ത് യോഗം കൂടി ഈ പദ്ധതി നടപ്പിലാക്കണം. കഴിഞ്ഞ ദിവസം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി ആ മേഖല സന്ദർശിച്ചിരുന്നു. നിയമസഭാ സമിതിക്ക് ഈ വിഷയങ്ങൾ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്. തോട്ടം തൊഴിലാളികളുടെ വീടിന്റെ സ്ഥിതി പരമദയനീയമാണ്. കന്നുകാലികളെപ്പോലും കെട്ടാൻകഴിയാത്ത വിധത്തിൽ പരമദയനീയ സ്ഥിതിയിൽ വളരെ ചെറിയ ഇടുങ്ങിയ മുറികളിൽ അവർ താമസിക്കുന്ന സാഹചര്യമുണ്ട്. ഇത് ധാരാളം സാമൂഹ്യ പ്രശ്നത്തിനും കുടുംബപ്രശ്നത്തിനും വഴിവയ്ക്കുന്നുണ്ട്. ഈ ഭവനം പദ്ധതി തോട്ടം തൊഴിലാളികളുടെ സ്വപ്ന പദ്ധതിയാണ് ഇതു നടപ്പിലാക്കാൻ അടിയന്തരമായി ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ട് വിഷയമാണ് സബ്മിഷനിലൂടെ സൂചിപ്പിച്ചത്. (1) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ. ഒരു കാലഘട്ടത്തിൽ തോട്ടങ്ങൾ മിക്കവയും പൂട്ടിക്കിടന്ന പശ്ചാത്തലത്തിലായി രുന്നു റിലീഫ് പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയത്. ഇപ്പോൾ പീരുമേട് പ്രദേശത്ത് തോട്ടങ്ങൾ പൂട്ടിക്കിടപ്പില്ല. ഭാഗീകമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കണക്കിലെടുത്തുകൊണ്ട് ഏതെ ങ്കിലും തൊഴിലാളി വിഭാഗത്തിന് റിലീഫ് ആവശ്യമാണെന്ന് കണ്ടെത്തിയാൽ റിലീഫ് എക്സ്റ്റന്റ് ചെയ്യും. റിലീഫിന്റെ പേരിൽ വെറുതേ പണം കൊടുക്കാ നുദ്ദേശിക്കുന്നില്ല. ന്യായമായ ആവശ്യമുള്ള മേഖലയിൽ അത് പരിഗണിക്കാ വുന്നതാണ്. (2) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തോട്ടം തൊഴിലാളികൾ ഭൂരഹിതരായ വിഭാഗമാണെന്ന് കണ്ടെത്തിക്കൊണ്ടാണ് ഇങ്ങ നെയൊരു ഹൗസിംഗ് പദ്ധതി ആലോചിച്ചത്. അങ്ങനെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലാണ് 25 കോടി രൂപ അതിന് അനുവദിച്ചത്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന് ഭവനം ഫൗണ്ടേഷൻ എന്ന് പറഞ്ഞ് കമ്പനി രൂപീകരിച്ച് 25 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഞാൻ തന്നെ പങ്കെടുത്തുകൊണ്ട് നിരവധി ചർച്ചകൾ തോട്ടം ഉടമകളുമായി പ്രത്യേകിച്ച് തേയില തോട്ടം ഉടമകളുമായി നടത്തിയിട്ടുണ്ട്. തോട്ടം തൊഴിലാളികളെ തോട്ടത്തിന്റെ പുറത്തുകൊണ്ടുപോയി താമസിപ്പിക്കാൻ കഴിയില്ല. അങ്ങനെ യായാൽ പണിക്ക് ആളെ കിട്ടില്ല. തോട്ടത്തിനകത്ത് തന്നെ അതിനായി സ്ഥലം കണ്ടെത്തണം. തോട്ടത്തിനകത്ത് സ്ഥലം കണ്ടെത്തണമെങ്കിൽ

തോട്ടം ഉടമകൾ സ്ഥലം വിട്ടുതരാൻ തയ്യാറാകണം. നിരവധി ചർച്ച നടത്തിയിട്ടും സ്ഥലം വിട്ടുതരാൻ അവർ തയ്യാറാകുന്നില്ല. ഈ പശ്ചാത്തലത്തിലാണ് പീരുമേട് മേഖലയിലേയ്ക്ക് ഈ പദ്ധതി എക്സ്റ്റന്റ് ചെയ്യാൻ കഴിയാതെ പോയത്. ആദ്യത്തെ പദ്ധതി എന്ന നിലയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലും പ്ലാന്റേഷൻ കോർപ്പറേഷനിലും അവർ സ്ഥലം വിട്ടു തരാൻ തയ്യാറായിട്ടുണ്ട്. അവിടെ ഹൗസിംഗ് പദ്ധതി ആരംഭിക്കും. അവിടുത്തെ തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതിയായി തുടക്കം കുറിക്കും. ബഹുമാനപ്പെട്ട മെമ്പർ കൂടി മുൻകൈയെടുത്തുകൊണ്ട് സ്ഥലം കണ്ടെത്തിതരികയാണെങ്കിൽ തീർച്ചയായും ഈ പദ്ധതി അവിടേയ്ക്കും എക്സ്റ്റന്റ് ചെയ്യാം. മെമ്പർ പറഞ്ഞ ലയങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് ഭവനം ഉണ്ടാക്കുന്നതിന് ശ്രമിച്ചത്. ലയങ്ങൾ നന്നാക്കണമെന്നതാണ് ആവശ്യമെങ്കിൽ അത് പ്രത്യേകിച്ച് പരിഗണിക്കാം. പ്രസ്തുത ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഭവനം നിർമ്മിച്ചുകൊടുക്കുക എന്നതാണ് ഉദ്ദേശം അതിൽ നിന്ന് മാറുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. സ്ഥലം കിട്ടാത്ത സാഹചര്യം വന്നാൽ ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

## <u>കെ.എസ്.ഇ.ബി. കരാർ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതിൽ കരാർ തൊഴിലാളികൾ വഹിക്കുന്ന പങ്ക് വളരെ നിർണ്ണായകമാണ്. ലൈൻവർക്കർ, മീറ്റർ റീഡർ, സബ്സ്റ്റേഷനുകളിലെ ഓപ്പറേറ്റർമാർ, ഷിഫ്റ്റ് അസിസ്റ്റന്റ്, ഡ്രൈവർ, സ്വീപ്പർ, സ്കാവഞ്ചർ, കെയർടേക്കർ, ടൈപ്പിസ്റ്റ് എന്നിങ്ങനെ വിവിധ ജോലികളിലായി ആയിരക്കണക്കിന് പേരാണ് കെ.എസ്.ഇ.ബി.-യിൽ വർഷങ്ങളായി

കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്നത്. ഇവർക്ക് തുച്ഛമായ വേതനവും ആനുകൂല്യവുമാണ് ലഭിക്കുന്നത്. ഇതിനിടെ ഈ മാസം ഒന്നാം തീയതി മുതൽ നടപ്പാക്കിയ പരിഷ്ക്കരിച്ച പുതിയ വർക്ക് നോംസ്, ഇവരെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. തൊഴിൽ നിയമങ്ങളുടെ അടിസ്ഥാന തത്വങ്ങൾ അനുസരിച്ച് ഇത്തരം കരാർ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടത് തികച്ചും ന്യായയുക്തമാണ്. ഇവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ഷേമനിധി ഇൻഷുറൻസ് ആനുകൂല്യങ്ങളും കരാർ തൊഴിലാളികൾക്ക് ഇതുവരെ ലഭ്യമായിട്ടില്ല. ഇവരെ കാഷ്വൽ തൊഴിലാളികളായെങ്കിലും അംഗീകരിച്ച് ലേബർ ആക്ട് പ്രകാരമുള്ള സംരക്ഷണം നൽകേണ്ടത് നിയമ പ്രകാരം അടിയന്തര പ്രാധാന്യമുള്ള കാര്യമാണ്. ഇവർക്ക് അർഹമായ കുറഞ്ഞവേതനം പുതുക്കി നിശ്ചയിച്ച് ഏകീകൃത സ്വഭാവം കൈവരുത്തേണ്ടി യിരിക്കുന്നു. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുന്ന കരാർ തൊഴിലാളി കൾ നേരിടുന്ന അപകടഭീഷണിയാണ് ഏറ്റവും സുപ്രധാനം. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ കഴിഞ്ഞ മൂന്നുവർഷത്തിനിടെ നിരവധി അപകടമരണങ്ങൾ ഇത്തരത്തിൽ നടന്നിട്ടുണ്ട്. ഇത്തരം ഹതഭാഗ്യർ തങ്ങളുടെ തൊഴിലാളികളല്ല എന്ന ന്യായവാദം ഉന്നയിച്ച് തടിതപ്പുന്ന തികച്ചും ദയാരഹിതമായ സമീപനമാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഇത് പ്രബുദ്ധ കേരളത്തിന് ഒട്ടും ചേർന്നതല്ല. അപകട ത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കു ന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ബോർഡിന് ബാദ്ധ്യതയുണ്ട്. അപകടത്തിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് ജോലിയും

നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത് ഒരു പൊതുമേഖലാ സ്ഥാപനം തീർച്ചയായും പാലിക്കേണ്ട നിയമമാണ്. ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി. അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കരാർ തൊഴിലാളികൾ രണ്ടു വിധത്തിലാണുള്ളത്, ക്വട്ടേഷൻ അടിസ്ഥാനത്തിലും ടെണ്ടർ ചെയ്തുകൊണ്ടും വർക്ക് ക്ഷണിക്കും. അങ്ങനെ ചെയ്താൽ ബന്ധപ്പെട്ട കോൺട്രാക്ടരാണ് ഇവരെ നിയമിക്കുന്നത്. അതിൽതന്നെ 3 ലക്ഷം രൂപയുടെ താഴെയാണെങ്കിൽ ആ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ അതിനുള്ള സഹായങ്ങൾ ബോർഡ് ചെയ്യുന്നുണ്ട്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടനുസരിച്ച് അവർക്ക് 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ........, മൂന്നു ലക്ഷത്തിന്റെ കോൺട്രാക്ടിന്റെ കീഴിലുള്ള തൊഴിലാളികളാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. അവർക്ക് 5000 രൂപ ഫ്യൂണറൽ ബെനിഫിറ്റ് നൽകുന്നുണ്ട്. അതേ അവസരത്തിൽ 3 ലക്ഷത്തിൽ കൂടുതലുള്ളതാണെങ്കിൽ നഷ്ടപരിഹാരവും ബാക്കിയുള്ള കാര്യങ്ങളൊക്കെ നൽകേണ്ടത് കോൺട്രാക്ടരാണെന്ന് ആ എഗ്രിമെന്റിൽ തന്നെ വളരെ ക്ലിയറായി പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു പ്രയാസമുള്ളത്, ഇതെല്ലാം പി.എസ്.സി.-ക്ക് അയച്ച പോസ്റ്റുകളാണ്. പി.എസ്.സി.-യിൽ നിന്നും നിയമനം നടത്തുമ്പോൾ ഇവർക്ക് പുറത്തുപോകേണ്ടി വരും. അതുകൊണ്ട് അവർക്ക് സ്ഥിരമായി ജോലി നൽകാനോ ബാക്കിയുള്ള കാര്യങ്ങൾ

ചെയ്യാനോ ഇക്കാലം വരെ കഴിഞ്ഞിട്ടില്ല. അത് ഇപ്പോഴും അങ്ങനെ തുടരുകയാണ്.

## മുതിർന്ന പൗരന്മാരുടെ പ്രയാസങ്ങൾ

ശ്രീ. ലൂഡി ലൂയിസ്: സർ, സ്വകാര്യബസ്സുകളിൽ യാത്ര ചെയ്യുന്ന മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വതപരിഹാരം കാണണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ജീവിതസായാഹ്നത്തിൽ ഏറെ ശാരീരിക അവശതയനുഭവിക്കുന്ന മുതിർന്ന പൗരന്മാർ വലിയ പ്രയാസങ്ങൾ സഹിച്ചാണ് പലപ്പോഴും ബസ്സുകളിൽ കയറിപ്പറ്റുന്നത്. ഇവർക്ക് പലപ്പോഴും ബസ്സുകളിൽ ഇരിക്കുവാൻ സീറ്റ് കിട്ടാറില്ല. പഴയകാലത്ത് മുതിർന്നവർക്ക് ബഹുമാനത്തോടെ എഴുന്നേറ്റ് സീറ്റ് കൊടുക്കുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. പക്ഷെ, സ്വന്തം മാതാപിതാക്കളെപ്പോലും അഗതി മന്ദിരത്തിൽ കൊണ്ടാക്കുന്ന ഈ ആധുനിക കാലഘട്ടത്തിൽ പലപ്പോഴും ഈ രീതിയിലുള്ള മര്യാദ മുതിർന്ന പൗരന്മാർക്ക് ലഭിക്കാറില്ല. പ്രൈവറ്റ് ബസ്സുകളിൽ ഇവർക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. പക്ഷെ, മുതിർന്ന പൗരന്മാർക്കായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ പോലും അവർക്ക് വിട്ടു കൊടുക്കാതെ കൈവശപ്പെടുത്തുന്ന സംഭവമാണ് പലപ്പോഴും നടക്കാറുള്ളത്. മുതിർന്ന പൗരന്മാർക്ക് സീറ്റ് റിസർവ് ചെയ്തിട്ടുണ്ടെങ്കിൽപ്പോലും പല പ്രൈവറ്റ് ബസ്സുകളിലും മുതിർന്ന പൗരന്മാർ എന്ന ബോർഡ്പോലും വയ്ക്കാറില്ല. ഇവർക്ക് സീറ്റ് നിഷേധിക്കപ്പെടുമ്പോൾ അവരുടെ സീറ്റ് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പലപ്പോഴും

പ്രൈവറ്റ് ബസ് കണ്ടക്ടർമാർ സ്വീകരിക്കാറുമില്ല. പലപ്പോഴും പ്രൈവറ്റ് ബസ് കണ്ടക്ടർമാർ നെയിം ബോർഡ് ധരിക്കാറില്ല. ഇവർക്ക് നെയിം ബോർഡ് കർശനമായി ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇവർക്കെതിരെ എന്തെങ്കിലും പരാതി മുതിർന്ന പൗരന്മാർക്ക് കൊടുക്കണമെങ്കിൽ നെയിംബോർഡ് ഇല്ലാത്തതുകൊണ്ട് ഇവർക്കാർക്കും പരാതി കൊടുക്കാൻ സാധിക്കാറില്ല. ആർ.ടി.ഒ. ഉദ്യോഗസ്ഥന്മാർ നിരന്തരം പരിശോധന നടത്തി ഇതിനൊരു ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ലിമിറ്റഡ് സ്റ്റോപ്, ഓർഡിനറി ബസ്സുകളിലെ 20 ശതമാനം സീറ്റുകൾ റിസർവ് ചെയ്തുകൊണ്ട് കേരള മോട്ടോർ വാഹന ചട്ടം 269(9) ഭേദഗതി വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഓൺലൈൻ റിസർവ്വേഷൻ സൗകര്യമില്ലാത്ത മറ്റ് ഉയർന്ന ക്ലാസുകളിലെ 5 ശതമാനം സീറ്റുകളും വയോജനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇത്തരം സീറ്റുകളുടെ പകുതി വീതം സീറ്റുകൾ മുതിർന്ന പൗരന്മാരായ സ്ത്രീകൾക്കും നീക്കിവച്ചുകൊണ്ട് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഈ വിഭാഗങ്ങൾക്ക് തന്നെ ലഭിക്കുന്നതിനായി സംവരണം ചെയ്യപ്പെട്ട സീറ്റുകൾ അർഹതപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞുകൊടുക്കാതെ മറ്റ് യാത്രാക്കാർ യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന നിയമം 177-ാം

വകുപ്പിൽ 100 രൂപ പിഴ ഈടാക്കാവുന്ന ശിക്ഷയായി ക്രമപ്പെടുത്തിയിട്ടുണ്ട്. പക്ഷേ സാധാരണഗതിയിൽ അതൊന്നും കാണാറില്ല എന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കർക്കശമായി പാലിക്കണമെന്നും ഉത്തരവ് എല്ലാ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റർമാരെയും അറിയിക്കണമെന്നും വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ് ടെസ്റ്റ്, വാഹന പരിശോധന എന്നിവ നടത്തുന്ന സമയത്ത് എല്ലാ ബസ്സുകളിലും സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന തരത്തിൽ എഴുതി വച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും കൂടാതെ നെയിംപ്ലേറ്റ് ധരിക്കാത്ത കണ്ടക്ടർമാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ബസ്സുകളിൽ മേൽഉത്തരവ് ലംഘിക്കപ്പെടുകയാണെങ്കിൽ ടി ബസ്സുകളുടെ റൂട്ടും നമ്പരും തീയതിയും സമയവും ഉൾപ്പെടുന്ന വ്യക്തമായ വിവരങ്ങൾ കാണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പരാതി നൽകുകയാണെങ്കിൽ അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ നിയമനം നടന്നിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. 1340 പേരുള്ള കാസർഗോഡ് ജില്ലയിലെ മസ്ദൂർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 2013 സെപ്റ്റംബർ 30-ാം തീയതിയാണ്. ഈ ജില്ലയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന അതേ സന്ദർഭത്തിലാണ് മറ്റു

ജില്ലകളിലേയും റാങ്ക് ലിസ്റ്റുകളും നിലവിൽ വന്നത്. മിക്ക ജില്ലകളിലും നിരവധി പേർക്ക് നിയമനം ലഭിച്ചുവെങ്കിലും കാസർഗോഡ് ജില്ലയിൽ മാത്രം ഒരു നിയമനവും നടന്നിട്ടില്ല. നാലരലക്ഷത്തോളം ഉപഭോക്താക്കളുള്ള കാസർഗോഡ് ജില്ലയിൽ 27 സെക്ഷൻ ഓഫീസുകളും 7 ട്രാൻസ്മിഷൻ സബ്സ്റ്റേഷൻ സെക്ഷനുകളും സർക്കിൾ സ്റ്റോറുകളുമുണ്ട്. എന്നാൽ ഒരു സ്ഥലത്തും മസ്ദൂർമാരുടെ ഒഴിവുകൾ നികത്തിയിട്ടില്ല എന്നതാണ് ശ്രദ്ധിക്കപ്പെടേണ്ട കാര്യം. 2246 ട്രാൻസ്ഫോർമറുകളും 2750 കി.മീ. എച്ച്. ടി. ലൈനുകളുമുള്ള ജില്ലയിൽ ഭൂരിഭാഗം ഓഫീസുകളും മലയോര മേഖലയിലാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. 20,000–ത്തോളം ഉപഭോക്താക്കളും 110 കി.മീ.–ൽ അധികം ചുറ്റളവുമുള്ള ഓഫീസുകളാണ് കാസർഗോഡ് ജില്ലയിൽ അധികവും. 10 കി.മീ. ചുറ്റളവിൽ അധികരിച്ച് ഭൂവിസ്തൃതികളുള്ള സെക്ഷൻ ഓഫീസുകളിൽ മോഡൽ സെക്ഷൻ പാറ്റേൺ പ്രകാരം ആവശ്യമായ 55 ലൈൻമാൻമാരെ ഇതുവരെയും നിയമിച്ചിട്ടില്ല. ഈ നിയമനം നടത്തിയാൽ അത്രയും പേരെ മസ്ദൂർമാരായി ലിസ്റ്റിൽനിന്നും നിയമിക്കാൻ കഴിയും. സീനിയറായ മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകി ജില്ലയിലെ ലൈൻമാൻമാരുടെ ഒഴിവുകൾ നികത്താൻ ബോർഡ് തയ്യാറായാൽ അതുവഴി ചുരുങ്ങിയത് 100 പേർക്ക് മസ്ദൂർ നിയമനം ലഭിക്കും. ജീവിതത്തിൽ ഇനി ഒരു പരീക്ഷ എഴുതാനോ മറ്റൊരു വഴി അവലംബിക്കാനോ മാർഗ്ഗമില്ലാത്ത കാസർഗോഡ് ജില്ലയിലെ മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള 1340 പേരോട്; ആ ജില്ലയുടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ആത്മാർത്ഥമായ ഇടപെടലുകൾ നടത്തിവരുന്ന മന്ത്രി കരുണ കാട്ടണമെന്നാണ് എന്റെ അപേക്ഷ.

(ശ്രീ. ആര്യാടൻ മുഹമ്മദ്)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കാസർഗോഡ് ജില്ലയിൽ മസ്ദൂർ തസ്തികയിൽ ധാരാളം ഒഴിവുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. കാസർഗോഡ് ജില്ലയിൽ 189 സാംങ്ഷൻഡ് സ്ട്രെങ്ത്തുള്ളതിൽ 188 ആളുകളും ജോലി ചെയ്യുന്നുണ്ട്. അവരെല്ലാം പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ നിന്നും വന്ന ആളുകളാണ്. പി.എസ്.സി. ഒരു പോസ്റ്റിന് ആറോ-ഏട്ടോ ആളുകളുടെ റാങ്ക് ലിസ്റ്റാണ് പബ്ലിഷ് ചെയ്യുന്നത്. അവർക്കെല്ലാം ജോലി കൊടുക്കുകയെന്നുള്ളത് ഒരുകാലത്തും കേരളത്തിൽ നടന്നിട്ടില്ല. ഇപ്പോൾ ഒരാളുടെ ഒഴിവാണുള്ളത്, പ്രസ്തുത ഒഴിവിൽ ഉടൻ തന്നെ ആളെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലൈൻമാൻമാരുടെ പ്രൊമോഷൻ സ്റ്റേറ്റ് ലെവലിലാണ് നടത്തുന്നത്. അതു കൊണ്ട് കാസർഗോഡ് തന്നെ നിയമനം കിട്ടണമെന്നില്ല. സ്റ്റേറ്റ് ലെവലിൽ ലൈൻമാൻമാരുടെ പ്രൊമോഷൻ വന്നെങ്കിൽ മാത്രമാണ് അവിടെ വേക്കൻസി ഉണ്ടാകുന്നത്. ലൈൻമാൻമാരുടെ പ്രൊമോഷൻ വേക്കൻസി നിലവിലുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പക്ഷേ അതിന് പല രൂപത്തിലുള്ള കേസ്സുകൾ നിലനിൽക്കുന്നുണ്ടെങ്കിലും പരമാവധി വേഗതയിൽ ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ എന്തെങ്കിലും ഗുണം കാസർഗോഡ് ജില്ലയിൽ കിട്ടുമെങ്കിൽ അത് നൽകാനും ഗവൺമെന്റ് തയ്യാറാണ്.

## സ്പോർട്സ് ക്വാട്ട നിയമനങ്ങൾ

ശ്രീ. റ്റി. വി. രാജേഷ്: സർ, 2010- മുതൽ മുടങ്ങിക്കിടക്കുന്ന സംസ്ഥാന സർവ്വീസിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ ഉടൻ നികത്തുന്ന

തിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിൽ നേരത്തെ സംസ്ഥാന ഗവൺമെന്റ് 20 കായിക താരങ്ങൾക്കാണ് ജോലി നൽകിയിരുന്നത്. എന്നാൽ ബഹുമാന്യനായ എം. വിജയകുമാർ മന്ത്രിയായിരുന്ന സമയത്ത് പ്രതിവർഷം 50 ആക്കി ഉയർത്തിയിരുന്നു. കേരളത്തിൽ 2010 മാർച്ചിനുശേഷം സംസ്ഥാന സർവ്വീസിലെ കായിക താരങ്ങൾക്കുള്ള ക്വാട്ടയിലേയ്ക്കുള്ള നിയമനം നടത്തിയിട്ടില്ല. നാലു വർഷമായി അത് നികത്താതെ കിടക്കുകയാണ്. ദേശീയ തലത്തിൽ നടത്തുന്ന മത്സരങ്ങളിൽ വിജയികളായവരെയും അവരില്ലെങ്കിൽ അതിൽ പങ്കെടുത്തവരെയുമാണ് ഈ നിയമനങ്ങളിൽ പരിഗണിക്കുന്നത്. കേരളത്തിൽ വച്ച് നടക്കുന്ന നാഷണൽ ഗെയിംസിന്റെ തീയതി ഇന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കാൻ പോവുകയാണ്. മറ്റ് പല സംസ്ഥാനങ്ങളും വലിയ പാരിതോഷികങ്ങൾ നൽകി കേരളത്തിലെ മിടുക്കന്മാരായ കായിക പ്രതിഭകളെ അവരുടെ സംസ്ഥാനങ്ങളിലേയ്ക്ക് റാഞ്ചാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിലും നമ്മുടെ സംസ്ഥാനം കായിക താരങ്ങളെ പരിഗണിക്കുന്നില്ലന്നൊരു പരാതി അവരിൽ നിന്ന് ഉയർന്നുവരുകയാണ്. ഈ പരാതിയിൽ കഴമ്പുണ്ട്. അതു കൊണ്ട് മുൻനിര കായികതാരങ്ങളെല്ലാം കേരളം വിട്ടുപോകുന്ന സ്ഥിതിയാണുള്ളത്. കേരളത്തിന്റെ വാഗ്ദാനങ്ങളായ കായിക താരങ്ങളെ ഇവിടെത്തന്നെ ജോലി നൽകി നിലനിർത്താൻ സ്പോർട്സ് ക്വാട്ടാ നിയമനം കാലതാമസം വരാത്ത വിധത്തിൽ അതാത് വർഷംതന്നെ നികത്താനുള്ള നടപടി സ്വീകരിക്കണം. 2010 മുതലുള്ള ബാക്ക്ലോഗ് ഉടൻ നികത്തുന്നതി നുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ രണ്ട് കാര്യങ്ങൾ ശരിയാണ്. 20 കായിക താരങ്ങൾക്ക് ഓരോ വർഷവും നിയമനം നൽകണമെന്നുള്ളത് 1985-ലെ ഗവൺമെന്റാണ് തീരുമാനം എടുത്തത്. അതിനുശേഷം അത് 50 ആക്കി വർദ്ധിപ്പിച്ചു. 2009 വരെയുള്ള ആളുകൾക്ക് മാത്രമേ നിയമനം നൽകിയിരുന്നുള്ളൂ. അതിനുശേഷമുള്ള ആളുകൾക്ക് നിയമനം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുന്നതിന് നിർദ്ദേശങ്ങൾ പരിഗണിക്കുകയും അതിൽ ചില മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് ഓരോ കലണ്ടർ വർഷം എന്നാണ് പരിഗണിച്ചിരുന്നത്. ഇപ്പോൾ അത് ഒരു സാമ്പത്തിക വർഷമെന്ന നിലയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. സ്പോർട്സ് ക്വാട്ട നിയമനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനുള്ള ചർച്ചയും നടന്നുവരുന്നു. മേൽ സാഹചര്യത്തിൽ കായികയുവജന ക്ഷേമ വകുപ്പിന്റെയും പൊതുഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റിയുടെ നിർദ്ദേശം കൂടി പരിഗണിച്ച് 2010 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനം ഓൺലൈനായി നടത്തുന്നതിനു വേണ്ടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുക യാണ്. ഇന്ന് വൈകുന്നേരം നാഷണൽ ഗെയിംസിന്റെ തീയതി പ്രഖ്യാപിക്കുന്ന ചടങ്ങ് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടക്കുന്നുണ്ട്. ആ

യോഗത്തിൽ സംബന്ധിക്കുന്നതിനുള്ള കേന്ദ്രമന്ത്രി എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലെ മലയാളികളായ താരങ്ങൾ മലയാള മണ്ണിലേയ്ക്ക് വരുന്നതിനു വേണ്ടി കഴിഞ്ഞ ദിവസം കൂടിയ ക്യാബിനറ്റിൽ വളരെ പ്രധാനപ്പെട്ട തീരുമാനം എടുത്തിട്ടുണ്ട്. ഈ നാഷണൽ ഗെയിംസിൽ പങ്കെടുത്ത് ഗോൾഡ് ലഭിക്കുന്നവർക്ക് 5 ലക്ഷം രൂപയും സിൽവർ ലഭിക്കുന്നവർക്ക് 3 ലക്ഷം രൂപയും ഓട് ലഭിക്കുന്നവർക്ക് 2 ലക്ഷം രൂപ എന്ന നിലയ്ക്ക് ഉയർത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇന്ത്യയൊട്ടാകെയുള്ള കേരളത്തിലെ ആളുകൾ കേരളത്തിലേയ്ക്ക് മടങ്ങി വരണം, മലയാളി താരങ്ങൾ മലയാള മണ്ണിൽ എത്തണം. അതിനുവേണ്ടി സംസ്ഥാന സർക്കാർ കൊടുത്തിട്ടുള്ള വലിയ ഓഫറാണ് എന്നുകൂടി അങ്ങയെ ഞാൻ അറിയിക്കുകയാണ്.

പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി

ശ്രീ. ഇ. പി. ജയരാജൻ: സർ, എന്റെ നിയോജകമണ്ഡലമായ മട്ടന്നൂരിൽ പൊതുമരാമത്ത് വകുപ്പിന്റെ മൂന്നുനാല് പാലങ്ങളുടെ പ്രവർത്തനങ്ങൾ വേണ്ടത്ര ജാഗ്രതയോടുകൂടി നടക്കുന്നില്ല. മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായിക്കടവ് പാലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. ടെണ്ടർ ചെയ്തെങ്കിലും അത് തുടർന്നില്ല ഇപ്പോൾ അത് ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. രണ്ട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ആ പാലത്തിന്റെ നിർമ്മാണം പുനരാംരംഭിക്കണം. കൂളിക്കടവ് പാലത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഭരണാനുമതി ലഭിച്ചത്. അപ്രോച്ച് റോഡിന്റെ സ്ഥലം ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം മുന്നോട്ട് പോയില്ല.

ഇപ്പോൾ അപ്രോച്ച് റോഡിന്റെ അനുമതി ലഭിച്ച സാഹചര്യത്തിൽ കൂളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് ടെണ്ടർ ക്ഷണിച്ച് അതിന്റെ നടപടികൾ അടിയന്തരമായി ആരംഭിക്കണം. അരങ്ങാട് പാലത്തിന് 2011–ലാണ് ഭരണാനുമതി ലഭിച്ചത്. പി.ഡബ്ല്യൂ.ഡി. റോഡില്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തടസ്സമുണ്ടായി. ഇപ്പോൾ അതിന് എക്സംപ്ഷൻ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ നടപടി അതിവേഗത്തിൽ ആരംഭിക്കണം. അരങ്ങാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ്–മാലൂർ ഗ്രാമപഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന വട്ടോളി പാലത്തിന്റെ ഡിസൈൻ ഡീറ്റെയിൽസ് ചീഫ് എഞ്ചിനീയർക്ക് നൽകിയിരിക്കുകയാണ്. അതിന്റെ പ്രവൃത്തിയും അടിയന്തരമായി ആരംഭിക്കേണ്ടതായിട്ടുണ്ട്. ഡിസൈൻ അംഗീകാരം നൽകി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയണം. ഇപ്പോൾതന്നെ നബാർഡിന്റെ മുൻഗണനാ ലിസ്റ്റിൽ ഈ പാലമുണ്ട്. അതുകൂടി പരിഗണിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണം. നബാർഡിൽ നിന്ന് ഫണ്ട് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കണം. എന്റെ മണ്ഡലത്തിലുള്ള ഒരു പ്രധാനപ്പെട്ട റോഡായ ഇടുമ്പ–തൃക്കടാരിപ്പൊയിൽ വർഷങ്ങളായി ഗതാഗത യോഗ്യമല്ലാത്തതുകാരണം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അതിന്റെ ഫലമായി അവിടെ സമരം നടക്കുകയാണ്. ഉദ്യോഗസ്ഥ തലത്തിലോ അതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്ന ആളുകളൊന്നും ചെയ്യാതെ കോടതിയിൽ പോയി രക്ഷപ്പെടുകയാണ്. കോടതിയാണെങ്കിൽ

തെറ്റായ ചില നിലപാടുകളുടെ ഫലമായി ആ പ്രവൃത്തി തന്നെ തടസ്സപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. റോഡ്പണി നടന്നില്ലെങ്കിൽ നാട്ടിൽ ഇറങ്ങി നടക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. അതുകൊണ്ട് ആ പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അത് സാധിക്കാതെ വരികയാണെങ്കിൽ ഈ അസംബ്ലി കഴിഞ്ഞാൽ ഞാൻ പൊതുമരാമത്ത് വകുപ്പ് ഓഫീസിന് മുമ്പിൽ സമരം നടത്താൻ ഉദ്ദേശിക്കുകയാണ്. ആ സ്ഥിതി ഉണ്ടാക്കരുതെന്നുകൂടി ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: അസംബ്ലിക്കകത്ത് സമരം നടത്താമെന്ന് പ്രഖ്യാപിക്കാൻ പാടില്ല.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അരങ്ങാട് പുഴ പാലം നിർമ്മിക്കുന്നതിന് 195 ലക്ഷം രൂപയുടെയും കൂളിക്കടവ് പാലം നിർമ്മിക്കുന്നതിന് 450 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഈ രണ്ട് പാലങ്ങളുടെയും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടിപൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. മണക്കായിക്കടവ് പാലം നിർമ്മിക്കുന്നതിന് സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും മട്ടന്നൂർ മുൻസിപ്പാലിറ്റിയുടെ ഭാഗത്ത് ആവശ്യമായ ഭൂമി ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി വിടുതൽ ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ആവശ്യമായ ഭൂമി ലഭ്യമായിട്ടുണ്ട്.

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുകയാണ്. വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നബാർഡിന്റെ അടുത്ത ഫണ്ട് വരുമ്പോൾ തീർച്ചയായും അതിൽ ഉൾപ്പെടുത്തുന്നതാണ്. ഇടുമ്പ റോഡിനെ സംബന്ധിച്ച് സബ്മിഷനിലൊന്നും പറഞ്ഞിട്ടുണ്ടായിരുന്നില്ല. അത് എന്താണെന്ന് പരിശോധിച്ച് നടപടി എടുക്കുന്നതാണ്.

## പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. വി. ശശി: സർ, കഠിനംകുളം പഞ്ചായത്തിലെ പുത്തൻതോപ്പ് പാലവും പുതുക്കുറിച്ചി പാലവും പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ഈ വിഷയം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും അവതരിപ്പിക്കുകയുണ്ടായിരുന്നു. പുത്തൻതോപ്പുപാലം 28–11–2013–ൽ തകർന്നു പോയതിനെത്തുടർന്ന് ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. ഇവിടെയുള്ള ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം അവർണ്ണനീയമാണ്. ഇപ്പോൾ സ്കൂൾ തുറന്നതോടുകൂടി വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും പറഞ്ഞറിയിക്കാൻ കഴിയില്ല. ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നതായും അത് പൂർത്തിയാക്കി പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചാലുടൻ എ.എസ്. നൽകുന്നതാണെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കഴിഞ്ഞ

നിയമസഭയിൽ പറയുകയുണ്ടായി. ചീഫ് എഞ്ചിനീയർ ഇതിന്റെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ട് ഒരു മാസം കഴിഞ്ഞു. ഇതിന്മേൽ കഴിയുന്നത്ര വേഗം തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതു പോലെ പ്രാധാന്യമുള്ള പുതുക്കുറുച്ചി പാലത്തെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ പാലവും പുതുക്കിപ്പണിയേണ്ട അനിവാര്യമായ സാഹചര്യം നിലവിലുണ്ട്. ഇവിടെ ഒരു സ്കൂൾ ബസ് മറിയുകയുണ്ടായി. ഭാഗ്യവശാൽ കുഞ്ഞുങ്ങൾക്ക് അപകടമുണ്ടായില്ല. ഈ പാലവും പുതുക്കിപ്പണിയുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിട്ട് ആറ് മാസം പിന്നിടുന്നു. ഇതിനും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും അടിയന്തരമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പടിഞ്ഞാറ്റുമുക്ക്-പുത്തൻതോപ്പ് റോഡിന് കുറുകെ 1952-ൽ നിർമ്മിച്ച പുത്തൻതോപ്പ് പാലം ഗതാഗതയോഗ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഈ പാലത്തിലൂടെയുള്ള ഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. നിലവിലുള്ള പാലം പൊളിച്ചുമാറ്റിയതിനുശേഷം 25.32 മീറ്റർ സ്പാനർ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി 767 ലക്ഷം രൂപയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കഠിനംകുളം തടാകത്തിന് കുറുകെയുള്ള പുതുക്കുറിച്ചി പാലം പുതുക്കിപ്പണിയുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 625 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സർക്കാരിന്

ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് ഈ പാലങ്ങൾക്ക് ഭരണാനുമതി നൽകുന്നതാണ്.